**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5196** | | **15.11.2019-ൽ മറുപടിയ്ക്ക്** | |
| **തിരുവനന്തപുരം കോർപ്പറേഷനിലെ അമൃത് പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.എസ്.ശിവകുമാർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | അമൃത്, സ്മാർട്ട് പദ്ധതികൾക്കായി തിരുവനന്തപുരം കോർപ്പറേഷൻ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) | അമൃത് പദ്ധതിക്ക് 71.50 കോടി രൂപയാണ് തിരുവനന്തപുരം നഗരസഭ വകയിരുത്തിയിരിക്കുന്നത്. സ്മാർട്ട് സിറ്റി പദ്ധതിയുടെ നഗരസഭാ വിഹിതം 135.70 കോടി രൂപയാണ്. |
| (ബി) | ഈ സാമ്പത്തിക വർഷം ഇതിൽ എന്തെങ്കിലും തുക കുറവ് വരുത്തുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾക്കും റസിഡൻസ് അസോസിയേഷനുകൾക്കും മാലിന്യ സംസ്കരണത്തിന് സബ്സിഡി നൽകുന്നതിന് നഗരസഭ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | 31.12.18-ലെ 3281/18/തസ്വഭവ നം.ഉത്തരവ് പ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഗാർഹികം/സ്ഥാപനം/കമ്മ്യൂണിറ്റി തലങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ